# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി9-1360/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 20/07/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുവാർപ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി9-1360/2022 തീയ്യതി: 20/07/2022

## കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടിഡയറക്ടർ(ഹ ഗ്രേ) | 13-06-2022 | 21-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-06-2022 | 21-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി ,ഓഡിറ്റ് ഓഫീസർ (13/06/2022 മുതൽ 14/06/2022 വരെ )
ശ്രീമതി അമ്പിളി എം ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ യോഗേഷ് ആർ ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അമ്പിളി യു സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ എമിൽ ടി എബ്രഹാം,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ബിനീത് രാജൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജസ്സി നൈനാൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ അജയൻ കെ മേനോൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ വിജയരാജ് വി ആർ (അസിസ്റ്റന്റ് സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 01-04-2020 |
| ശ്രീമതി സ്നേഹജ എം ഗ്ലോറി | സെക്രട്ടറി | 02-04-2020 | 14-06-2020 |
| ശ്രീമതി രേഖ എം കെ | സെക്രട്ടറി | 15-06-2020 | 03-01-2021 |
| ശ്രീ വിജയരാജ് വി ആർ (അസിസ്റ്റന്റ് സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-01-2021 | 31-01-2021 |
| ശ്രീമതി രേഖ എം കെ | സെക്രട്ടറി | 01-02-2021 | 19-02-2021 |
| ശ്രീ വിജയരാജ് വി ആർ (അസിസ്റ്റന്റ് സെക്രട്ടറി) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-02-2021 | 27-02-2021 |
| ശ്രീ സുനിൽ കുമാർ എൻ സി (ജൂനിയർ സൂപ്രണ്ട്) | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-02-2021 | 09-03-2021 |
| ശ്രീമതി രേഖ എം കെ | സെക്രട്ടറി | 10-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിജയരാജ് വി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ അഖിൽ ലാൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 15-02-2021 |
| ശ്രീമതി അഹ്ന മനോഹർ | അസിസ്റ്റന്റ് എഞ്ചിനീയർ | 16-02-2021 | 31-03-2021 |
| ശ്രീമതി ഗൗരി എ ആർ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ഉമ എസ് | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീ നിസാമുദ്ദീൻ എ | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്ീമതി റൈഹാനത്ത് ബീവി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 09-11-2020 |

| | | | |
|---|---|---|---|
| ശ്രീമതി ശ്രീമോൾ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 10-11-2020 | 31-03-2021 |
| ശ്രീമതി ഡോ. കാതറിൻ പ്രീത തോമസ് | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2020 | 31-03-2021 |
| ശ്രീമതി ഡോ സുശീല സ്റ്റീഫൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 09-02-2021 |
| ശ്രീമതി ഡോ ശ്രീദേവി കെ ജി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 10-02-2021 | 31-03-2021 |
| ശ്രീ ഡോ റോയി സക്കറിയ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി ഡോ ഹസീന കെ എച്ച് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രീതി സി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി റൂബി നൈനാൻ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീ രാജി എസ് മണി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി 12-11-20 മുതൽ 29.12.20 വരെ

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 15-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Emil T Abraham (Senior Grade Auditor, On 15-06-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 20-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 15-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Emil T Abraham (Senior Grade Auditor, On 15-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Yogesh R (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Emil T Abraham (Senior Grade Auditor, On 15-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Emil T Abraham (Senior Grade Auditor, On 15-06-2022)<br>Last Updated By: Emil T Abraham (Senior Grade Auditor, On 16-06-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Bineeth Rajan (Auditor, On 18-06-2022)<br>Last Updated By: Bineeth Rajan (Auditor, On 18-06-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Ambili.U (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Emil T Abraham (Senior Grade Auditor, On 15-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-10 |
| 11 | പഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ വിന്യസിക്കൽ - അവലോകനം<br>Written By: Emil T Abraham (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-11 |
| 12 | ILGMS പാസ്റ്റ് ഡാറ്റാ എൻട്രി (PDE)-വിശകലനം<br>Written By: Emil T Abraham (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-12 |
| 13 | നികുതി വരവ് - കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Bineeth Rajan (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-13 |
| 14 | വസ്തുനികുതി നിർണ്ണയം - ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.<br>Written By: Bineeth Rajan (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-14 |
| 15 | വസ്തുനികുതി നിർണ്ണയം -ഉപയോഗക്രമം നിർണ്ണയിക്കുന്നതിലെ അപാകതകൾ<br>Written By: Bineeth Rajan (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-15 |
| 16 | എഫ് ടി ഇ എ & ഒ എസ് ലൈസൻസ് - എല്ലാ സ്ഥാപനങ്ങളേയും | 1-16 |

| | | |
|---|---|---|
| | ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയില്ല<br>Written By: Emil T Abraham (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | |
| 17 | പാലിയേറ്റീവ് നേഴ്സിന് ഇൻസെന്റീവ്-സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകി<br>Written By: Bineeth Rajan (Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-17 |
| 18 | പ്രാഥമികാരോഗ്യ കേന്ദ്രം - ഭൗതിക സാഹചര്യങ്ങൾ<br>Written By: Bineeth Rajan (Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-18 |
| 19 | കന്നുകുട്ടി പരിപാലനപദ്ധതി - വിനിയോഗവിവരം ലഭ്യമായില്ല<br>Written By: Emil T Abraham (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-19 |
| 20 | അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചമല്ല-തുടർപ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.<br>Written By: Ambili.U (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-20 |
| 21 | പാലിന് സബ്സിഡി - ക്ഷീരകർഷകർക്ക് മതിയായ തുക ലഭ്യമാക്കേണ്ടതാണ്<br>Written By: Yogesh R (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-21 |
| 22 | ലൈഫ് ഭവന പദ്ധതി -അഡ്വാൻസ് കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Yogesh R (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-22 |
| 23 | പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Yogesh R (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-23 |
| 24 | ഉറവിട മാലിന്യസംസ്കരണ ഉപാധികളുടെ വിതരണം-വിതരണ വിവരങ്ങൾ ലഭ്യമാക്കാക്കിയില്ല<br>Written By: Yogesh R (Senior Grade Auditor, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-24 |
| 25 | എസ് സി തൊഴിൽ പരിശീലന കേന്ദ്രത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതാണ്.<br>Written By: Ambily M (Asst. Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-25 |
| 26 | പൊതു ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കൽ - വാട്ടർ ചാർജ് കുറവ് ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Ambily M (Asst. Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-26 |
| 27 | പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല<br>Written By: Ambily M (Asst. Audit Officer, On 21-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-27 |
| 28 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 97200 രൂപ തിരികെ ഈടാക്കണം<br>Written By: Emil T Abraham (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-28 |
| 29 | സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി | 1-29 |

| | | |
|---|---|---|
| | സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റി<br>Written By: Emil T Abraham (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | |
| 30 | തൊഴിലുറപ്പ് പദ്ധതി പ്രകാരം സാമൂഹ്യ ആസ്തികളുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധനസാമഗ്രികൾ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ആർജിക്കുന്നതിൽ വീഴ്ച വരുത്തി<br>Written By: Emil T Abraham (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-30 |
| 31 | തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികൾക്ക് വോയിഡ്സിനത്തിൽ7.5% കുറവു ചെയ്യാതെ സപ്ലൈ ചെയ്ത അളവിന് തുക അനുവദിച്ചു .<br>Written By: Emil T Abraham (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-31 |
| 32 | ഒരേ ദിവസം അവിദഗ്ധ-വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളിക്ക് വേതനം അനുവദിച്ചു<br>Written By: Emil T Abraham (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-32 |
| 33 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തിട്ടില്ല<br>Written By: Emil T Abraham (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-33 |
| 34 | മണ്ണ് നിറക്കൽ പ്രവൃത്തി:കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചില്ല,കരാറുകാരന്റെ മണ്ണ് നിറച്ചതിൽ കൺസോളിഡേഷൻ കുറവ് വരുത്തിയില്ല.<br>Written By: Emil T Abraham (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 1-34 |
| 35 | പോസ്റ്റ് ഷിഫ്റ്റിംഗ്- പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Ambili.U (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-35 |
| 36 | മഴക്കാലപൂർവ്വശുചീകരണം തുക ചെലവഴിച്ചിട്ടില്ല.<br>Written By: Ambili.U (Senior Grade Auditor, On 20-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-36 |
| 37 | ജൽ ജിവൻ മിഷൻ<br>Written By: Ambily M (Asst. Audit Officer, On 22-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 20-07-2022) | 1-37 |
| 38 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Ambily M (Asst. Audit Officer, On 22-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Bineeth Rajan (Auditor, On 14-06-2022)<br>Last Updated By: Bineeth Rajan (Auditor, On 22-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Bineeth Rajan (Auditor, On 14-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Bineeth Rajan (Auditor, On 14-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Bineeth Rajan (Auditor, On 14-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Bineeth Rajan (Auditor, On 14-06-2022)<br>Last Updated By: Bineeth Rajan (Auditor, On 14-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Bineeth Rajan (Auditor, On 14-06-2022)<br>Last Updated By: Bineeth Rajan (Auditor, On 14-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Bineeth Rajan (Auditor, On 14-06-2022)<br>Last Updated By: Bineeth Rajan (Auditor, On 14-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Bineeth Rajan (Auditor, On 14-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Bineeth Rajan (Auditor, On 14-06-2022)<br>Last Updated By: Bineeth Rajan (Auditor, On 14-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Bineeth Rajan (Auditor, On 14-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 11-07-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Bineeth Rajan (Auditor, On 14-06-2022)<br>Last Updated By: Sinimol Francis (Computer Assistant, On 07-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 30/03/2020 ലെ 2(1)-ാം നം. തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 25/02/2021 ലെ 1(1)-ാം നം. തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | പുതുക്കിയത് | R&P പ്രകാരം |
|---|---|---|---|
| മുന്നിരിപ്പ് | 60117958 | 15090035 | 18703994 |
| വരവ് | 233545500 | 128908086 | 85526798 |
| ആകെ | 293663458 | 143998121 | 104230792 |
| ചെലവ് | 273888221 | 131765385 | 90194808 |
| നീക്കിയിരിപ്പ് | 19775237 | 12232736 | 14035984 |

ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ 29.36 കോടി രൂപയുടെ പ്രതീക്ഷിത വരവും 27.38 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 25.34 കോടി രൂപയും ചെലവ് 26.45 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-21 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 253415681/- രൂപയും ചെലവ് 264569097/- രൂപയും തൻവർഷ പ്രവർത്തനകമ്മി 11153416/- രൂപയുമാണ്. 31.03.2021-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 61297528/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 51968285/- രൂപയുമാണ്. 2020-21 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ജി.ഒ.(എം.എസ്)152/11/തസ്വഭവ/26.07.2011 പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിംഗും പൂർത്തിയാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) Suppliers Security Deposit, Other Deposit Revenue എന്നീ ശീർഷകങ്ങളിൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം തുകകൾ അവശേഷിക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല.

4) ബി 4 ഷെഡ്യൂളിൽ ഉൾപ്പെട്ട Total Sanitation Campaign, SSA, Contributions For Joint Venture Projects – From District Panchayath, ശുചിത്വ മിഷൻ എന്നീ ശീർഷകങ്ങളിൽ അവശേഷിക്കുന്ന തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല .

5) Suppliers' EMD തുകകളുടെ റസീപ്റ്റ് ആന്റ് പെയ്മെന്റ് പ്രകാരമുള്ള റീഫണ്ട് തുകകളും രജിസ്റ്ററിലെ

തുകകളും പൊരുത്തപ്പെടുന്നില്ല.

6) പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടാത്ത Micro Hydel Power Generation – Establishment Of Plant എന്ന ഹെഡ് വാർഷിക കണക്കിൽ ഉൾപ്പെട്ടിരിക്കുന്നു [ B11-( C ) ]

7) വാടക വരവ് ഇല്ല എങ്കിലും RP-3 Head 3(R) – Rent From Auditorium & Hall എന്ന ശീർഷകത്തിൽ 34500 രൂപ ഉൾപ്പെട്ടിരിക്കുന്നു .

8) RP-17 ൽ Financial Assistantance For Admission For Higher Studies To SC & ST Students – Training For Preparation For Entrance Examination എന്ന ഹെഡ് വാർഷിക കണക്കിൽ ഉൾപ്പെട്ടിരിക്കുന്നു.

9) വാർഷിക കണക്ക് പ്രകാരമുള്ള എംജിഎൻആർഇജിഎസ് തുകകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

10)ലൈഫ് ഭവനപദ്ധതി ലോൺ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ ലോൺ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

11) B5, B16 ഷെഡ്യൂളുകളുടെ വ്യത്യാസമായ 3,19,900/- രൂപ ലൈഫ് ലോൺ പിൻവലിച്ച് പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന തുകയാണ്. ആയത് ക്രമീകരിക്കേണ്ടതാണ്.

12.ഇ-സബ്മിഷൻ നടത്തിയ വാർഷിക കണക്കും മാനുവൽ വാർഷിക കണക്കുകളും തമ്മിലുള്ള വ്യത്യാസം

ഇൻകം & എക്സ്പെൻഡിച്ചർ സംഗ്രഹത്തിൽ ഇ-സബ്മിഷൻ വാർഷിക കണക്കും മാനുവൽ വാർഷിക കണക്കും തമ്മിൽ ചില വ്യത്യാസങ്ങൾ കാണുന്നു. എന്നാൽ വിശദമായ സ്റ്റേറ്റ്മെന്റിൽ ആയവ കൃത്യത പുലർത്തുന്നുമുണ്ട്.

| ഇനം | മാനുവൽ AFS | ഇ- സബ്മിറ്റഡ് AFS |
|---|---|---|
| ഇൻകം & എക്സ്പെൻഡിച്ചർ | | |
| വരുമാനം | 253415681 | 254343739 |
| ചെലവ് | 264569097 | 263641039 |

ഇ-സബ്മിഷൻ നടത്തിയ വാർഷികകണക്കുകളിൽ ഇൻകം അന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ പ്രയർ പീരീഡ് ഇൻകം928058 രൂപ ഇൻകം ഭാഗത്താണ് ചേർത്തിരിക്കുന്നത്. എന്നാൽ മാനുവൽ വാർഷികകണക്കുകളിലെ ഇൻകം അന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ പ്രയർ പീരീഡ് ഇൻകം 928058 രൂപ എക്സ്പെൻഡിച്ചർ ഭാഗത്താണ് ചേർത്തിരിക്കുന്നത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18703994 |
| ഓഡിറ്റ് വർഷത്തെ വരവ് | 85526798 |
| ആകെ | 104230792 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 90194808 |
| നീക്കിയിരിപ്പ് | 14035984 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2348784 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ

ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 28127000 | 28127000 | 27405585 | 721415 | 97.43 |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 5477000 | 5477000 | 4406454 | 1070546 | 80.45 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 185000 | 185000 | 155435 | 29565 | 84.01 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 6930000 | 6930000 | 4481332 | 2448668 | 64.66 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 15107176 | 15107176 | 9833906 | 5273270 | 65.09 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 902000 | 902000 | 250000 | 652000 | 27.71 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 0 | 5071000 | 5071000 | 4409742 | 661258 | 86.96 |
| എംജിഎൻആർഇജിഎസ് | 583672.50 | 55638404 | 56222076.50 | 56182348.5 | 39728.5 | |
| ഐസിഡിഎസ് | 394159 | 789695 | 1183854 | 1100000 | 83854 | |

1) വികസനഫണ്ടിന്റെ പൊതുവിഭാഗം വിഹിതത്തിൽനിന്ന് 3143062 രൂപ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കിയ തുകയായ 423400 രൂപയ്ക്ക് പ്രോജക്ട് തയ്യാറാക്കിയിരുന്നില്ല.

2) വോട്ടിങ്ങ് മെഷീൻ വിലയിനത്തിൽ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും കിഴിവ് ചെയ്ത തുകയ്ക്ക് ( 51289/- രൂപ ) പ്രോജക്ട് തയ്യാറാക്കിയിരുന്നില്ല.

3) ജി ഒ പ്രോജക്ടായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ചെലവ് തുകകൾ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

4)19/02/2021 ലെ സ.ഉ.(സാധാ) നം. 1604/2021/ധന. ഉത്തരവ് പ്രകാരം 2018 ലെ മഹാപ്രളയം ബാധിച്ച പ്രാദേശിക സർക്കാരുകൾക്ക് പ്രത്യേകം വിഹിതം അനുവദിച്ചതിൽ ചെലവഴിക്കാത്ത തുക പുനഃരനുവദിച്ച് ഉത്തരവായിരുന്നു. ഇത് പ്രകാരം SCP യിൽ 899000 അലോട്ട്മെന്റ് ഉണ്ടായിരുന്നു. എന്നാൽ പ്രസ്തുത തുക പഞ്ചായത്തിന് ലഭിച്ചിട്ടില്ല (ഇത് ഉൾപ്പെടെയാണ് മേൽ പട്ടിക തയാറാക്കിയിരിക്കുന്നത്).

മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് (ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ. പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 264 | 162898659 | 201 | 75726471 | 63 | 76.14 |

2020-21 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 80898/20/DPC/DPO/KTM തീയതി 28.01.2021 പ്രകാരം അംഗീകാരം ലഭിച്ചു.

പദ്ധതി ആസൂത്രണം

പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങൾ 14.01.20 തീയതിയിലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 01.02.2020 മുതൽ 09.02.2020 വരെ തീയതികളിലും വികസനസെമിനാർ 22.02.20 തീയതിയിലും കൂടിയിട്ടുണ്ട്. ഭിന്നശേഷി സെമിനാർ 04.12.2019 ലും ഊരുകൂട്ടം 16.12.2019 തീയതിയിലും ചേർന്നു.

വർക്കിംഗ് ഗ്രൂപ്പുകൾ

2020-21 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് തൻവർഷം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. പദ്ധതികളുടെ മോണിട്ടറിംഗ് കമ്മിറ്റിയായി വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം പ്രവർത്തിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കേണ്ടതാണ്.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| നിർവ്വഹണോദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷിഓഫീസർ | 13 | 13 | 11021362 | 8368892 | 76 |
| വെറ്ററിനറിസർജൻ | 8 | 8 | 4456000 | 1480498 | 33.22 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്. സി) | 6 | 3 | 1310000 | 904815 | 69 |
| മെഡിക്കൽ ഓഫീസർഹോമിയോ | 1 | 1 | 200000 | 200000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 1200000 | 1200000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 4 | 2 | 1630000 | 180122 | 11 |
| വി.ഇ.ഒ | 30 | 24 | 78511490 | 17074090 | 21.74 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 7 | 7347628 | 6105496 | 83 |
| സെക്രട്ടറി | 45 | 35 | 17221758 | 12941339 | 75 |
| ഹെഡ്മാസ്റ്റർ | 10 | 5 | 2299782 | 1496547 | 65 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 122 | 90 | 35764839 | 24704604 | 69 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 1050000 | 492000 | 46.85 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 885800 | 578068 | 65.26 |
| ആകെ | 264 | 201 | 162898659 | 75726471 | 46.48 |

വെറ്ററിനറി സർജൻ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, വി.ഇ.ഒ എന്നിവരുടെ പദ്ധതി ചെലവ് താരതമ്യേന

കുറവായിരുന്നു. തുടർ വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

വിവിധ സ്രോതസ്സ് തിരിച്ചുള്ള വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ഫണ്ടിനം | വകയിരുത്തിയതുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് | 31563824 | 27405585 | 86.82 |
| എസ് സി പി | 6738028 | 4406454 | 65.39 |
| ടി.എസ്.പി | 185000 | 155435 | 84 |
| സി എഫ് സി | 18714000 | 14315238 | 76.5 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 5075627 | 3750627 | 73.9 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 5800000 | 1660000 | 28.62 |
| തനത് ഫണ്ട് | 21717890 | 12280879 | 56.54 |
| ബ്ലോക്ക് ഷെയർ | 7777807 | 3780867 | 48.61 |
| ജില്ലാ പഞ്ചായത്ത് | 8264694 | 1800708 | 21.78 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 902000 | 250000 | 27.71 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 6220600 | 4409742 | 70.88 |
| മറ്റുള്ളവ | 49939189 | 1510936 | 3 |
| ആകെ | 162898659 | 75726471 | 46.48 |

സംസ്ഥാന വിഹിതം, ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ, മറ്റിനങ്ങൾ എന്നിവയിൽ വലിയ തുക വകയിരുത്തിയെങ്കിലും അതിനനുസരിച്ച് തുക ലഭ്യമാകുകയോ ചെലവഴിക്കുകയോ ചെയ്തില്ല. അടങ്കൽ ഉയർന്നിരുന്നതിനാൽ ചെലവ് ശതമാനം കുറവായി.

തനത് ഫണ്ട് ചെലവഴിച്ച് നടപ്പാക്കിയ പല പ്രോജക്ടുകളുടേയും ചെലവുകൾ പൂർണ്ണമായും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സുലേഖ ചെലവ് പത്രിക പ്രകാരം 1 കോടി 22 ലക്ഷം രൂപ തൻ വർഷം തനത് ഫണ്ടിൽ നിന്നും വാർഷിക പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. സംരക്ഷണ ഗ്രാന്റ് (റോഡ്) ഇനത്തിൽ ലഭ്യമായ 902000 രൂപയിൽ രണ്ട് പ്രോജക്ടുകൾക്കായി ആകെ 250000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കാവുന്ന റോഡ് പ്രവൃത്തികൾക്കും തനത് ഫണ്ട് വകയിരുത്തിയാണ് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത്. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ 22037176 രൂപ ലഭ്യമായതിൽ 14315238 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഇത്തരത്തിൽ വിവിധ ഗ്രാന്റിനങ്ങളിലായി 10856722 രൂപ തൻ വർഷം സഞ്ചിതനിധിയിലേക്ക് തിരിച്ചെടുത്തിട്ടുണ്ട്. തനത് ഫണ്ട് വരുമാനം താരതമ്യേന കുറവായ പഞ്ചായത്തിൽ സർക്കാർ ഗ്രാന്റിനത്തിൽ ലഭ്യമാകുന്ന തുക ലാപ്സാകുന്ന സാഹചര്യം പരമാവധി ഒഴിവാക്കി പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം 332 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 526 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 499 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 396

പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 151251 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2372 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി, തോട് ആഴം കൂട്ടൽ, വർക്ക്ഷെഡ്, മഴക്കുഴി, തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. 2020-21 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം (ക്യാഷ് ബുക്ക് പ്രകാരമുള്ളത് ) ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 583672.50 |
| വരവ് | ഇ.എഫ് എം.എസ് വരവ് | 52541698 | 56222076.50 (മുന്നിരിപ്പ് ഉൾപ്പെടെ) |
| | ക്യാഷ് വരവ് പലിശ ഉൾപ്പെടെ | 1309726 | |
| | തനതു ഫണ്ടിൽ നിന്നുള്ള ലോൺ | 1385980 | |
| | മറ്റ് വരവുകൾ | 401000 | |
| ചെലവ് | തൊഴിലാളികളുടെ വേതനം | 44586270 | 56182348.5 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 934428 | |
| | ഉപകരണങ്ങളുടെ വില, വാടക | 7021000 | |
| | നൂറു ദിന തൊഴിലാളികളുടെ വേതനം | 399000 | |
| | തനതു ഫണ്ട് അഡ്വാൻസ് (തിരികെ നൽകിയത് ) | 1855670 | |
| | ഭരണചെലവുകൾ | 1385980 | |
| നീക്കിയിരുപ്പ് | | | 39728 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19080 | 28 |
| കർഷകതൊഴിലാളി പെൻഷൻ | 16459200 | 1082 |
| വിധവാപെൻഷൻ | 13029700 | 901 |
| വാർദ്ധക്യകാലപെൻഷൻ | 36788600 | 2875 |
| വികലാംഗപെൻഷൻ | 5803600 | 405 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 512900 | 35 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.06.2022 തീയതി 3.00 പി. എം. ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 22179 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. പഞ്ചായത്ത് ജനറൽ കമ്മിറ്റി, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ മിനിറ്റ്സ് എഴുതി സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. പഞ്ചായത്തിൽ ഉപയോഗിക്കുന്ന എല്ലാ രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്ന നടപടി പുരോഗമിക്കുന്നു. ഐ എൽ ജി എം എസ് സംവിധാനം സെപ്റ്റംബർ 2020 മുതൽ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ നിർവ്വഹണവേളയിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ച് പ്രോജക്ടുകൾ മോണിട്ടർ ചെയ്യുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24/10/2021 | 03/2021 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.10.2016-03.11.2016 | 2011-12 മുതൽ 2015-16 | LBA(HQ)II/8A 2520/16-17 08.12.2016 |

## 1-11 പഞ്ചായത്തിൽ ILGMS സോഫ്റ്റ്വെയർ വിന്യസിക്കൽ - അവലോകനം

വിവര വിനിമയ സാങ്കേതിക വിദ്യ അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഈ ഡിജിറ്റൽ യുഗത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ പ്രസ്തുത മാറ്റങ്ങൾ ഉൾക്കൊണ്ട് ഓഫീസ് നടപടികൾ സുതാര്യവും , സുഗമവുമായി ആവശ്യങ്ങൾ നിറവേറ്റാൻ പ്രാപ്തരാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ 24 മണിക്കൂറും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാകുന്നതിലേക്കായി പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ IKM വികസിപ്പിച്ച സോഫ്റ്റ്‌വെയർ ആണ് Integrated Local Governance Management System (ILGMS). വിവിധ സോഫ്റ്റ്‌വെയറുകൾ മുഖേനയും മാനുവലായും നടത്തിയിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ സേവനങ്ങളും പ്രവർത്തനങ്ങളും ഒറ്റ ലോഗിനിലൂടെ കൈകാര്യം ചെയ്യാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത് .

എന്നാൽ മുൻകാലങ്ങളിൽ പഞ്ചായത്തിന്റെ വിവിധ സോഫ്റ്റ്‌വെയറുകളിൽ പ്രവർത്തിച്ചിരുന്നതും കൈകാര്യം ചെയ്തിരുന്നതുമായ ഡേറ്റാബേസുകൾ ഓഡിറ്റ് വർഷം ILGMS-ന്റെ ഭാഗമായിട്ടില്ല. 14/09/2020 മുതലാണ് തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ ILGMS ഉപയോഗിച്ച് തുടങ്ങിയത് .

പഞ്ചായത്ത് വകുപ്പിന്റെ നേതൃത്വത്തിൽ IKM വികസിപ്പിച്ച ILGMS സോഫ്റ്റ്‌വെയറിലെ പ്രവർത്തന വിശദാംശം, വേർഷനും പ്രാബല്യ തീയതിയും (Version & Effect Date), നിയന്ത്രണങ്ങൾ (Controls), മുൻഗണനകൾ (Previlages), ഡേറ്റാബേസുകൾ (Database) തുടങ്ങിയ വിവരങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമായിട്ടില്ല. ആയതിനാൽ സംസ്ഥാന തലത്തിൽ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം ഓഡിറ്റ് വകുപ്പ് വാലിഡേറ്റ് ചെയ്തിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും, അനുബന്ധമായ എല്ലാ ചട്ടങ്ങളും സോഫ്റ്റ്‌വെയറിൽ കൈകാര്യം ചെയ്യപ്പെടുന്ന എല്ലാ പ്രവർത്തനങ്ങൾക്കും വിധേയമാക്കിയിട്ടുണ്ടോ എന്നും സംസ്ഥാനതലത്തിൽ പരിശോധന നടത്തിയിട്ടില്ല. സോഫ്റ്റ്‌വെയറിന്റെ എല്ലാ വിവരങ്ങളും പഞ്ചായത്ത് വകുപ്പ് IKM-ന്റെ സാങ്കേതിക സഹായത്തോടെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കി സോഫ്റ്റ്‌വെയറിന്റെ വാലിഡേഷനും സോഫ്റ്റ്‌വെയർ ഓഡിറ്റും സംസ്ഥാനതലത്തിൽ ചെയ്യേണ്ടതായിട്ടുണ്ട്. സോഫ്റ്റ്‌വെയറിന്റെയും അതിന്റെ വിവിധ വേർഷനുകളുടെയും വാലിഡേഷൻ സംസ്ഥാനതലത്തിൽ നടത്തുന്നതിന് വിധേയമായിട്ടാണ് ILGMS സോഫ്റ്റ്‌വെയർ മുഖേന ജനറേറ്റ് ചെയ്ത് പഞ്ചായത്ത് സമർപ്പിച്ച 2020-21 ധനകാര്യ പത്രികയുടെ ഓഡിറ്റ് നടത്തിയിട്ടുള്ളത്.

## 1-12 ILGMS പാസ്റ്റ് ഡാറ്റാ എൻട്രി (PDE)-വിശകലനം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ 14/09/2020 മുതലാണ് ILGMS ഉപയോഗിച്ച് തുടങ്ങിയത്. സാമ്പത്തിക വർഷത്തെ 01/04/2020 മുതൽ 13/09/2020 വരെയുള്ള ഇടപാടുകൾ സാംഖ്യയിലും 14/09/2020 മുതൽ 31/03/2021 വരെയുള്ള ഇടപാടുകൾ ILGMS ലുമാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. സാംഖ്യയിലെ പെന്റിങ്ങ് ടാസ്കുകൾ 14/09/2020 തീയതി അടിസ്ഥാനത്തിൽ നടത്തിയതിനാൽ ILGMS ആരംഭിച്ച ദിവസം സാംഖ്യ ട്രാൻസാക്ഷനും നടന്നിട്ടുണ്ട് . 2020-21 വാർഷിക ധനകാര്യ പത്രിക ജനറേറ്റ് ചെയ്യുന്നതിന് 01/04/2020-ലെ തുടക്ക ബാലൻസ് ഷീറ്റും (Initial Balance Sheet) 01/04/2020 മുതൽ 13/09/2020 വരെയുള്ള സാംഖ്യയിലെ എല്ലാ ശീർഷകങ്ങളിലെയും ധനകാര്യ ഇടപാടുകളുടെ സംക്ഷിപ്തം Past Data Entry ആയി ILGMS-ലെ Finance Module ലേക്ക് PDE ജേർണൽ വൗച്ചർ മുഖേന ഒറ്റത്തവണയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. അക്കൗണ്ടിങ്ങ് തുടർച്ചയ്ക്കായി (Continuity) ILGMS-ൽ Past Data Entry അക്കൗണ്ടിങ്ങ് നടത്തിയപ്പോൾ സംഭവിച്ച അക്കൗണ്ടിങ്ങ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. ILGMS-ൽ സുസ്ഥിര ആസ്തി ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിൽ ആണ് തരം തിരിച്ചിരിക്കുന്നത്. പഞ്ചായത്തിലെ ആസ്തികളുടെ വർഗ്ഗീകരണം, ആസ്തി രജിസ്റ്റർ എന്നിവ പൂർത്തിയാകാത്തതിനാലും സാംഖ്യയിൽ ആസ്തികളുടെ കണക്ക് ശീർഷകങ്ങൾ മേഖല അടിസ്ഥാനത്തിലല്ല അക്കൗണ്ട് ചെയ്തിരുന്നത് എന്നതിനാലും ILGMS-ലെ തുടക്ക ബാലൻസ് ഷീറ്റിൽ ആസ്തികളുടെ അക്കൗണ്ടിങ്ങ് മേഖല അടിസ്ഥാനത്തിൽ ചെയ്തിട്ടില്ല.
2. പ്ലാൻ ചെലവുകൾ അക്കൗണ്ട് ചെയ്തിരിക്കുന്ന ചെലവ് ശീർഷകങ്ങൾ പ്രോജക്ടുമായി ബന്ധമില്ലാത്ത ശീർഷകങ്ങൾ ആണ് എന്ന് കാണുന്നു. പഞ്ചായത്തുമായി ബന്ധം ഇല്ലാത്ത Micro Hydel Power

Generation – Establishment Of Plant എന്ന ഹെഡ് വാർഷിക കണക്കിൽ ഉൾപ്പെട്ടിരിക്കുന്നു

3. സാംഖ്യയിൽ മെയിന്റനൻസിനായുള്ള പ്രോജക്ട് ചെലവുകളായി അക്കൗണ്ട് ചെയ്തിരുന്നത് പശ്ചാത്തല മേഖലയിലെ റവന്യൂ ചെലവായിട്ടാണ് ILGMS-ൽ അക്കൗണ്ട് ചെയ്തിരിക്കുന്നത്.
4. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന് ഓരോ ഗ്രാന്റുകൾക്കും ഫണ്ടുകൾക്കും പ്രത്യേകം ശീർഷകങ്ങൾ ILGMS-ൽ ലഭ്യമായിരുന്നു. എന്നാൽ പഞ്ചായത്ത് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ സൂക്ഷിക്കുകയോ ആയതിന്റെ വർഗ്ഗീകരണ വിശദാംശം സൂക്ഷിക്കുകയോ ചെയ്യാതിരുന്നതിനാൽ ആകെ Capital Contribution പൊതുവായ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
5. Past Data Entry നടത്തിയപ്പോൾ ഉൾപ്പെടുത്തിയ എംജിഎൻആർഇജിഎസ് തുകകൾ വീണ്ടും ആവർത്തിച്ചതിനാൽ വാർഷിക ധനകാര്യപത്രികയും ക്യാഷ് ബുക്കും തമ്മിൽ വലിയ അന്തരമാണ് ഉണ്ടായത്.

Past Data Entry യിൽ കണക്ക് ശീർഷകങ്ങളുമായി ബന്ധപ്പെട്ട് സംഭവിച്ച അപാകതകൾ കൃത്യമായ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ തുടർവർഷം പരിഹരിക്കേണ്ടതാണ്. വിഷയം തിരിച്ച് കൃത്യമായ ശീർഷകങ്ങൾ (Specific Account Heads) ILGMS-ൽ ലഭ്യമായിട്ടുണ്ടെങ്കിൽ പൊതു ശീർഷകത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട ഇനങ്ങൾ കൃത്യമായ ക്രമീകരണം നടത്തേണ്ടതാണ്.

## 1-13 നികുതി വരവ് - കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പ്രകാരം നികുതി വരവുകളിൽ താഴെപ്പറയും പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നു.

| ക്രമ നമ്പർ | നികുതിയിനം | കുടിശ്ശിക |
|---|---|---|
| 1 | വസ്തുനികുതി | 546739 |
| 2 | തൊഴിൽ നികുതി | 20120 |
| | ആകെ | 566859 |

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/16.06.2022) ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയം - ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന കെട്ടിടങ്ങൾ നിർണ്ണയിച്ചിരിക്കുന്നത് "വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ" എന്ന ഉപയോഗക്രമത്തിലാണ്

| ക്രമനമ്പർ | കെട്ടിടനമ്പർ | ഉടമസ്ഥത |
|---|---|---|
| 1 | 10/224 | പ്രസിഡന്റ് വില്ലേജ് സഹകരണ ബാങ്ക് 88 |
| 2 | 11/265 | പ്രസിഡന്റ് സർവ്വീസ് സഹകരണ ബാങ്ക് 433 |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പ് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/16.06.2022) ലഭ്യമാക്കിയ മറുപടിയിൽ ഉപയോഗക്രമത്തിന്റെ കൃത്യത പരിശോധിച്ച് വിവരങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പ് വരുത്തി

സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 വസ്തുനികുതി നിർണ്ണയം -ഉപയോഗക്രമം നിർണ്ണയിക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2020-21 ലൈസൻസ് & പെർമിഷൻ രജിസ്റ്റർ പ്രകാരം ഒന്നാം വാർഡിലെ 7-ാം നമ്പർ കെട്ടിടത്തിൽ ശ്രീ ബിൻസ് വർഗ്ഗീസ്, മതിലകം, ചെങ്ങളം സൗത്ത് എന്ന വ്യക്തിക്ക് ഹോംസ്റ്റേ (ഗ്രീൻ വില്ല ഹോംസ്റ്റേ) നടത്തുന്നതിന് ലൈസൻസ് നൽകിയിട്ടുള്ളതായി കാണുന്നു. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം മേൽ വാർഡിൽ ഹോംസ്റ്റേ ഉപയോഗക്രമത്തിൽ കെട്ടിടങ്ങൾ വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/18.06.22) ലഭ്യമാക്കിയ മറുപടിയിൽ മേൽ കെട്ടിടം പാർപ്പിടാവിശ്യം എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത് എന്നറിയിച്ചു. മേൽ സ്ഥാപനത്തിന്റെ ശരിയായ ഉപയോഗക്രമം നിർണ്ണയിച്ച് ആവശ്യമെങ്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 എഫ് ടി ഇ എ & ഒ എസ് ലൈസൻസ് - എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയില്ല

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിലെ ലൈസൻസ് നടപടിക്രമങ്ങൾ, ട്രേഡേഴ്സ് ലിസ്റ്റ് തുടങ്ങിയവ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ വരുന്ന ഹോസ്പിറ്റലുകൾ, ക്ലിനിക്കുകൾ എന്നിവ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത് എന്ന് ബോധ്യപ്പെട്ടു. 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3 (1) പ്രകാരമുള്ള രജിസ്ട്രേഷൻ മാത്രമാണ് ഇവ എടുത്തിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | ലൈസൻസ് എടുക്കാതെ 2020-21 കാലയളവിൽ പ്രവർത്തിച്ച ഹോസ്പിറ്റലുകൾ / ക്ലിനിക്കുകൾ |
|---|---|
| 1 | ശങ്കരമംഗലം ക്ലിനിക്ക് & ലബോറട്ടറി |
| 2 | മൗലാന ഡെന്റൽ & ഡയഗണോസ്റ്റിക്ക് സെന്റർ |
| 3 | ശ്രീ സുദർശനം ആയുർവേദ ചികിത്സാലയം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 07/2021 തീയതി 17.06.2022) ഈ വർഷം മുതൽ ലൈസൻസ് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഇവ കൂടാതെ എല്ലാ കള്ള് ഷാപ്പുകളേയും, ക്ഷീര സംഘങ്ങളേയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ് .

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യതയോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-17 പാലിയേറ്റീവ് നേഴ്സിന് ഇൻസെന്റീവ്-സർക്കാർ ഉത്തരവിന് വിരുദ്ധമായി നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 67/20-21 സാന്ത്വന പരിചരണ പദ്ധതി |
| അടങ്കൽ | 700000 വികസന ഫണ്ട് ജനറൽ |
| ചെലവ് | 699462 (ബിൽ നം - 6/20-21 02.12.2021) |

സ.ഉ(സാധാ)നം.1615/2020/ത.സ്വ.ഭ.വ തീ.07.09.2020 പ്രകാരം കോവിഡ് 19 കാലഘട്ടത്തിൽ പ്രവർത്തിച്ച് വരുന്ന ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് കെയർ നേഴ്സിന് 2020 മാർച്ച് മാസം മുതൽ ആറുമാസത്തേയ്ക്ക് പ്രതിമാസം 1000 രൂപ വീതം ഇൻസെന്റീവ് അനുവദിക്കാമെന്ന് നിഷ്കർഷിച്ചിരുന്നു. പ്രസ്തുത ഉത്തരവിന് തുടർച്ചയായി 05.10.2020ലെ സ.ഉ(സാധാ)നം.1820/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രസ്തുത ഇൻസെന്റീവ് 2020 സെപ്റ്റംബർ മാസം മുതൽ ആറു മാസത്തേയ്ക്ക് കൂടി പ്രതിമാസം 1000 രൂപ നിരക്കിൽ അനുവദിച്ചുകൊണ്ടും ഇതിനാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രോജക്ടിലുൾപ്പെടുത്തി പാലിയേറ്റീവ് കെയർ നേഴ്സായ ശ്രീമതി നിഷ എം എസ്സിന് 2020 മാർച്ച് മാസം മുതൽ 2021 മാർച്ച് മാസം വരെ ഇൻസെന്റീവ് ഇനത്തിൽ 12000 രൂപ വികസനഫണ്ട് (ജനറൽ)ൽ നിന്നും നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി 2020 സെപ്റ്റംബർ മുതൽ കോവിഡ് ഇൻസെന്റീവ് തനത് ഫണ്ടിൽ നിന്ന് നൽകാതെ പ്രോജക്ടിലുൾപ്പെടുത്തി വികസനഫണ്ടിൽ നിന്ന് തന്നെ നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/16.06.2022) ലഭ്യമാക്കിയ മറുപടിയിൽ തുടർമാസങ്ങളിൽ അപാകത ഒഴിവാക്കിയതായി അറിയിച്ചു. സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 6000 രൂപ തനത് ഫണ്ടിൽ നിന്നും സഞ്ചിതനിധിയിലേയ്ക്ക് തിരികെ അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-18 പ്രാഥമികാരോഗ്യ കേന്ദ്രം - ഭൗതിക സാഹചര്യങ്ങൾ

തിരുവാർപ്പ് പഞ്ചായത്തിന്റെ പ്രാഥമികാരോഗ്യ കേന്ദ്രം പഞ്ചായത്ത് കോമ്പൗണ്ടിലാണ് പ്രവർത്തിക്കുന്നത്. മേൽ കെട്ടിടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങളില്ലായെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. 18 വാർഡുകളുള്ള പഞ്ചായത്തിലെ മുഖ്യ ആരോഗ്യകേന്ദ്രമെന്ന നിലയിൽ തിരക്കേറിയ ആരോഗ്യകേന്ദ്രത്തിൽ രോഗികൾക്കുള്ള കാത്തിരിപ്പ് സൗകര്യങ്ങളോ വിശ്രമമുറികളോ പ്രത്യേകമായില്ല. നിലവിൽ കോവിഡ് പ്രതിരോധ വാക്സിനേഷൻ ഉൾപ്പെടെയുള്ള നിരവധി അനുബന്ധപ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ, വാർഡ് തല ശുചിത്വപ്രവർത്തനങ്ങൾ എന്നിവയും ആരോഗ്യകേന്ദ്രം കേന്ദ്രീകരിച്ചാണ് നടക്കുന്നത്. പൊതുജനാരോഗ്യം മുൻനിർത്തി നിരവധി പ്രവർത്തനങ്ങൾ അഭിനന്ദനാർഹമായ രീതിയിൽ നടത്തിവരുന്ന പഞ്ചായത്തിൽ ഭൗതികസാഹചര്യങ്ങളുടെ അഭാവം ഒഴിവാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപെടുത്തേണ്ടതാണ്. ആരോഗ്യകുടുംബക്ഷേമ (പി) വകുപ്പിന്റെ 03.11.2020 ലെ സ ഉ നം 2040/2020/ആ.കു.വ ഉത്തരവ് പ്രകാരം തിരുവാർപ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നാല് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/21.06.2022) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരം ഭാഗത്ത് ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. മേലുത്തരവ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ സവിശേഷശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

### 1-19 കന്നുകുട്ടി പരിപാലനപദ്ധതി - വിനിയോഗവിവരം ലഭ്യമായില്ല

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് നമ്പർ 35/21 - കന്നുകുട്ടി പരിപാലനപദ്ധതി പ്രകാരം 2020-21 വർഷം വികസന ഫണ്ടിൽ നിന്ന് 225000/- രൂപ (ബിൽ നമ്പർ 20/2020-21, തീയതി - 23/03/2021 ) പിൻവലിച്ച് 18 കിടാരികൾക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി കാഫ് ഫീഡിൽ അടവാക്കിയിരുന്നു. പ്രോജക്ട് പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

### 1-20 അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചമല്ല-തുടർപ്രോജക്ടുകൾ ആവിഷ്ക്കരിച്ച്

നടപ്പിലാക്കുക.

പഞ്ചായത്തിൽ 29 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികളുടെ നിലവിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ പട്ടിക പ്രകാരം 12 അങ്കണവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ട്. 17അങ്കണവാടികൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എല്ലാ അങ്കണവാടികളിലും വൈദ്യുതി കണക്ഷനും, വാട്ടർ കണക്ഷനുമുണ്ട്. മറ്റ് 17 അങ്കണവാടികൾക്കും സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

1-21 പാലിന് സബ്സിഡി - ക്ഷീരകർഷകർക്ക് മതിയായ തുക ലഭ്യമാക്കേണ്ടതാണ്

ക്ഷീര വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്ന പ്രോജക്ടിനായി 2020-21 വർഷം വകയിരുത്തിയ തുകകളുടേയും ചെലവഴിച്ച തുകയുടേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 145/21 |
| വകയിരുത്തിയ തുക | വികസന ഫണ്ട്- 150000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം-100000<br>ആകെ- 250000 |
| ചെലവഴിച്ച തുക | വികസന ഫണ്ട്-150000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 0<br>ആകെ- 150000 |
| ബിൽ നം. | 1. 57465 -04/20-21/19.01.21<br>2. 78998 - 08/20-21/26.03.21<br>3. 13537 - 07/20-21/26.03.21 |

14.02.2018-ലെ സ.ഉ.(കൈ)നം. 22/2018/തസ്വഭവ - ഉത്തരവ് ഖണ്ഡിക 6.2.8 - പാലിന് സബ്സിഡി – പദ്ധതി പ്രകാരം ഒരു കർഷകന് (ലിറ്ററിന് നാല് രൂപ നിരക്കിൽ ക്ഷീര വികസന വകുപ്പ് നൽകുന്ന സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പടെ ) നാല്പതിനായിരം രൂപ വരെ സബ്സിഡി നൽകാവുന്നതാണ്. എന്നാൽ 2020-21 വർഷം ആകെ 250000 രൂപ വകയിരുത്തി 20.12.2020 മുതൽ 21.02.21 വരെയുള്ള ചെറിയ കാലയളവിലേക്ക് 35 ഗുണഭോക്താക്കൾക്കായി ആകെ 150000 രൂപ മാത്രമാണ് പാലിന് സബ്സിഡിയായി നൽകിയിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ 2020-21 വർഷം ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും കൂടി പ്രസ്തുത പദ്ധതികൾക്ക് 170 ഗുണഭോക്താക്കൾ ഉണ്ടായിരുന്നതായി കാണുന്നു. ഇത്രയും ഗുണഭോക്താക്കളുണ്ടായിരുന്നിട്ടും വളരെ കുറഞ്ഞ കാലയളവിലേക്ക് ചെറിയ തുക മാത്രം സബ്സിഡി നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/17.06.22) ഒരു വർഷം മുഴുവനും സബ്സിഡി നൽകുന്നതിന് ഏകദേശം 5 ലക്ഷം രൂപയെങ്കിലും വകയിരുത്തേണ്ടതുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് വിഹിതം ടി വർഷം ലഭിച്ചിരുന്നില്ലെന്നും തുടർ വർഷങ്ങളിൽ പദ്ധതി നടപ്പാക്കുമ്പോൾ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉറപ്പിക്കുന്നതിനും ഗ്രാമപഞ്ചായത്ത് മുഖേന കൂടുതൽ വികസന ഫണ്ട് കണ്ടെത്തുന്നതിന് ശ്രമിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും പാലളവും കണക്കിലെടുത്ത് എല്ലാ മാസങ്ങളിലും ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രോജക്ട് ആസൂത്രണം ചെയ്യേണ്ടതാണ്. ക്ഷീരകർഷകർക്ക് ലഭിക്കേണ്ട ആനുകൂല്യം നഷ്ടമാകുന്ന മേൽ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-22 ലൈഫ് ഭവന പദ്ധതി -അഡ്വാൻസ് കൈപ്പറ്റി നിർമ്മാണം പൂർത്തിയാക്കിയില്ല

വിഇഒ നിർവ്വഹണോദ്യോഗസ്ഥനായി 2018-19, 2019-20 വർഷങ്ങളിൽ ലൈഫ് ഭവന പദ്ധതിയിൽപ്പെടുത്തി ആദ്യഗഡുവായ 40000/-രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ വീട് നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.

പൊതുവിഭാഗം

1. ഗിരിജ, പാർക്കത്തറ, ചെങ്ങളം -
2. സരോജിനി , മാടപ്പത്രു, ചെങ്ങളം -
3. സുനിൽകുമാർ, താഴത്തുറുപത്, തിരുവാർപ്പ്

പട്ടികജാതി വിഭാഗം

1. ബീനാമോൾ,രാജാലയം ,കിളിരൂർ
2. ദീപാമോൾ, മാധവശ്ശേരി കോളനി, തിരുവാർപ്പ്

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/20.06.22) പൊതുവിഭാഗത്തിൽ ക്രമ നമ്പർ 1 ലെ ഗുണഭോക്താവ് തിരിച്ചടവിന് പലിശ ഒഴിവാക്കുവാൻ പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും ക്രമ നം.2,3 എന്നിവയിലെ ഗുണഭോക്താക്കൾ തുക പലിശ സഹിതം തിരികെ അടവാക്കിയിട്ടുണ്ടെന്നും പട്ടികജാതി വിഭാഗം ഗുണഭോക്താക്കൾ നാളിതുവരെ വീടിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നും ഈ വർഷം തന്നെ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. 2 ഗുണഭോക്താക്കൾ തിരികെ പഞ്ചായത്തിലേക്ക് അടവാക്കിയ 94800/- രൂപ [80000 + 14800 (പലിശ)] ഏത് ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് പ്രസ്തുത ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. മറ്റ് ഗുണഭോക്താക്കളുടെ ഗൃഹനിർമ്മാണം കൃത്യമായി നിരീക്ഷിക്കേണ്ടതും പണിപൂർത്തീകരിക്കാത്ത പക്ഷം തുക 18% പലിശ സഹിതം സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതുമാണ്.

1-23 പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല

പ്രോജക്ട് നം.133/21 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രോജക്ടിനായി ആശാമോൾ, ചിറയിൽ വീട്, കുമ്മനം എന്ന ഗുണഭോക്താവിന് 2020-21 വർഷം എസ്.സി.പി ഫണ്ടിൽ നിന്നും 50000 രൂപ നൽകിയിട്ടുണ്ട് (ബിൽനം. 42/20-21/10.03.21). എന്നാൽ ടിയാൾ പഠനമുറി നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/20.06.22) ടി ഗുണഭോക്താവിന് കുടുംബപരമായ പ്രശ്നങ്ങൾ മൂലം നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ലായെന്നും 2022-23 വർഷം പദ്ധതിയിലുൾപ്പെടുത്തി പഠനമുറി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കുമെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

1-24 ഉറവിട മാലിന്യസംസ്കരണ ഉപാധികളുടെ വിതരണം-വിതരണ വിവരങ്ങൾ ലഭ്യമാക്കാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം. | 137/21 |
| ചെലവ് | 920050 |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ്- 466545 |

| | |
|---|---|
| | കേന്ദ്രാവിഷ്കൃത ഫണ്ട്-361500<br>ഗുണഭോക്തൃ വിഹിതം-92005 |
| ബിൽ നം. | 270000-20/20-21 /22.10.20<br>270000-ചെക്ക് നം.606471/03.02.21<br>196545 -44/20-21 /20.03.21<br>183505-ചെക്ക് നം.5236495/23.03.21 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ |

510 ബയോ കമ്പോസ്റ്റർ ബിൻ യൂണിറ്റുകൾ, 5 കിച്ചൻ ബിന്നുകൾ എന്നിവ വിതരണം ചെയ്യുകയായിരുന്നു മേൽ പ്രോജക്ടിന്റെ ലക്ഷ്യം. പ്രസ്തുത യൂണിറ്റുകൾ വിതരണം ചെയ്യുന്നതിനായി ബയോ കമ്പോസ്റ്റർ ബിൻ ഒരു യൂണിറ്റിന് 1800 രൂപ നിരക്കിലും കിച്ചൺ ബിൻ ഒരെണ്ണത്തിന് 410 രൂപ നിരക്കിലും ആകെ 920050 രൂപ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷന് നൽകിയിട്ടുണ്ട്. എന്നാൽ ബിന്നുകൾ ലഭ്യമായതിന്റേയോ വിതരണം നടത്തിയതിന്റേയോ രേഖകൾ ഫയലിൽ ലഭ്യമല്ല. വിതരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/20.06.22) 18 വാർഡുകളിലെ ഹരിതകർമ്മസേന മുഖാന്തിരം വീടുകളിൽ സ്ഥാപിച്ച് നൽകിയിട്ടുള്ളതാണെന്നും ടി ഉപാധികൾ ഹരിതകർമ്മസേന വിതരണം നടത്തിയതിന്റെ രേഖകൾ വാർഡുകളിൽ നിന്നും ശേഖരിച്ച് ഉടൻ തന്നെ പരിശോധനയക്ക് സമർപ്പിക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിതരണ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ 920050 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിതരണവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-25 എസ് സി തൊഴിൽ പരിശീലന കേന്ദ്രത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായി 2020-21-ൽ എസ് സി തൊഴിൽ പരിശീലന കേന്ദ്രം ഇലക്ട്രിഫിക്കേഷനായി 1,89,359 രൂപ ചെലവഴിച്ചിട്ടുണ്ട് (പ്രോജക്ട് നം. 164/21). ഇതിന്റെ ഭാഗമായി 20/06/22-ൽ പരിശീലന കേന്ദ്രത്തിൽ പ്രാദേശിക പരിശോധന നടത്തി. പരിശീലന കേന്ദ്രത്തിൽ നിലവിൽ പട്ടികജാതി വിഭാഗക്കാർക്ക് തൊഴിൽ പരിശിലനം നടക്കുന്നില്ല. എന്നാൽ പരിശീലന കേന്ദ്രത്തിൽ ഒരു പ്രൈവറ്റ് നേഴ്സറി പ്രവർത്തിക്കുന്നതായി കണ്ടു. പ്രസ്തുത നേഴ്സറിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/21.06.2022) തുടർനടപടി സ്വീകരിക്കുന്നതാണെന്ന മറുപടി നൽകി. പ്രസ്തുത നേഴ്സറിയ്ക്ക് വാടക നിശ്ചയിച്ച് പഞ്ചായത്തുമായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 പൊതു ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കൽ - വാട്ടർ ചാർജ് കുറവ് ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം, പ്രോജക്ട് | 83/21, പൊതു ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കൽ |

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| ചെലവ് | 12,38,695 ( സി എഫ് സി)<br>5,69,954 (മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)<br>ആകെ - 18,08,649 |

കേരളാ വാട്ടർ അതോറിറ്റിയുടെ ഡിമാൻഡ് നോട്ടീസ് പ്രകാരം 345 വാട്ടർ ടാപ്പുകളുടെ വെള്ളക്കരമാണ് 2020-21 ൽ അടവാക്കിയത്. 2020-21 ൽ ജൽ ജീവൻ മിഷൻ പഞ്ചായത്തിൽ നിലവിൽ വന്നു. പ്രസ്തുത സാഹചര്യത്തിൽ പൊതുടാപ്പുകളുടെ എണ്ണം പഞ്ചായത്ത് തലത്തിൽ കണക്കാക്കിയപ്പോൾ 13 എണ്ണം മാത്രമാണ് നിലനിർത്തേണ്ടത് എന്ന വിവരമാണ് ലഭിച്ചത്. മേൽ വിവരം 03/11/21, 01/12/21,19.03.22 തീയതികളിലെ കത്ത് പ്രകാരം വാട്ടർ അതോറിറ്റിയെ അറിയിച്ചെങ്കിലും തുടർന്നും 345 എണ്ണം വാട്ടർടാപ്പുകളുടെ വെള്ളക്കരം തന്നെയാണ് ഡിമാൻഡ് ചെയ്തത്. ഉപയോഗിക്കാത്ത ടാപ്പുകളുടെ കണക്ഷൻ വിച്ഛേദിച്ച നൽകാൻ വാട്ടർ അതോറിറ്റി തയ്യാറാകാത്ത സാഹചര്യത്തിൽ 2022 മുതലുള്ള വാട്ടർ ചാർജ്ജ് പഞ്ചായത്ത് അടവാക്കുന്നില്ല. വാട്ടർ അതോറിറ്റിയുടെ അനാസ്ഥ സംബന്ധിച്ച് 28/05/2022 ൽ ജലവിഭവ വകുപ്പ് സെക്രട്ടറിയ്ക്കും കത്ത് നൽകിയിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്ന് അനുകൂല നടപടികളൊന്നും ഉണ്ടായിട്ടില്ല. ഉപയോഗമില്ലാത്ത കണക്ഷൻ വിച്ഛേദിച്ച് ഡിമാൻഡ് കുറവ് ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ വിവരം സംബന്ധിച്ച വിവരങ്ങൾ പ്രോജക്ട് ഫയലിൽ ചേർത്തിട്ടില്ല.

| പ്രോജക്ട് നം, പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നം / ചെക്ക് നം | തുക കൈമാറിയ സ്ഥാപനം/ഏജൻസി |
|---|---|---|---|
| 02/21, എസ് എസ് എ വിഹിതം നൽകൽ | 696263 (വികസനഫണ്ട് (പൊതു) | 27/16-01-21 | ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ ബിആർസി കോട്ടയം |
| 284/21 , പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 33244 (തനത് ഫണ്ട്) | ചെക്ക് നം . 606475/09-02-21 – 9556<br>ചെക്ക് നം . 606478/18-02-21 – 13093<br>ചെക്ക് നം. 606463/22-01-21 – 10595 | അസിസ്റ്റന്റ് എഞ്ചിനീയർ, കെഎസ്ഇബി ഇലക്ട്രിക്കൽ സെക്ഷൻ, കുമരകം |
| 89/21,കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 13 | 650000 (തനത് ഫണ്ട്) | ചെക്ക് നം . 5236433/26-08-20 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കോട്ടയം |
| ആകെ | 13,79,507 | | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 14/20.06.2022 ന് പഞ്ചായത്ത് മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ 1379507/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-28 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു - 97200 രൂപ തിരികെ ഈടാക്കണം

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ തിരുവാർപ്പ് ഗ്രാമ പഞ്ചായത്തിലെ 2020-21 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ഗുണഭോക്താക്കളുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടു പോലും ഓഡിറ്റ് നടക്കുന്ന തീയതി വരേയും പെൻഷൻ സസ്പെന്റ് ചെയ്തിട്ടുമില്ല . വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | ആമിന ബീവി | വാർദ്ധക്യകാല പെൻഷൻ | 105520200858 | 28/12/19 | 22/06/20 | 01/2020 മുതൽ 08/21 വരെ | 28200 |
| 2. | സി എം ചാക്കോ | വാർദ്ധക്യകാല പെൻഷൻ | 105520201271 | 04/01/20 | 04/02/20 | 02/2020 മുതൽ 11/20 വരെ & 05/2021 മുതൽ 05/22 വരെ - 600 രൂപ വീതം | 13800 |
| 3 | റുഖിയ | വിധവ പെൻഷൻ | 105520600542 | 24/07/20 | 22/08/20 | 08/2020 മുതൽ 05/22 വരെ | 33800 |
| 4 | വി കെ ചെല്ലപ്പൻ | വാർദ്ധക്യകാല പെൻഷൻ | 105520202073 | 17/03/20 | 15/04/20 | 04/2020 മുതൽ 11/20 വരെ | 10700 |
| 5 | ഗോപാലൻ കെ കെ | കർഷക തൊഴിലാളി പെൻഷൻ | 105520101120 | 08/04/20 | 16/04/20 | 05/2020 മുതൽ 11/20 വരെ | 9400 |
| 6 | ഭവാനി | കർഷക തൊഴിലാളി പെൻഷൻ | 105520100942 | 23/05/20 | 06/06/20 | 06/20 | 1300 |
| ആകെ | | | | | | | 97200 |

പെൻഷൻ തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു .

| | 04/2019 മുതൽ 03/2020 വരെ | 04/2020 മുതൽ 08/2020 വരെ | 09/2020 മുതൽ 12/2020 വരെ | 01/2021 മുതൽ 03/2021 വരെ | 04/2021 മുതൽ 05/2022 വരെ |
|---|---|---|---|---|---|
| വാർദ്ധക്യകാല പെൻഷൻ (75 വയസിൽ കൂടുതൽ) | 1500 | 1500 | 1500 | 1500 | 1600 |
| മറ്റ് ക്ഷേമ പെൻഷനുകൾ | 1200 | 1300 | 1400 | 1500 | 1600 |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ ബാങ്കിലേക്കയക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല. ഓഡിറ്റ് ഇത് പരിശോധിക്കുന്ന വേളയിലും മേൽ സൂചിപ്പിച്ചവരുടെ പെൻഷൻ സ്റ്റാറ്റസ് സേവനയിൽ ആക്ടീവ് ആയി തുടരുകയുമാണ്. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം - 01/21,തീയതി -14/06/22 ) പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതായും തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി .

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 97200/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ് .

## 1-29 സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റി

സർവ്വീസ് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാപെൻഷൻ തുകയും കൈപ്പറ്റിയതായി രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യമാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | തങ്കമ്മ | കർഷക തൊഴിലാളി പെൻഷൻ | 105520100553 | 21300 |
| 2 | പി ടി വത്സമ്മ | കർഷക തൊഴിലാളി പെൻഷൻ | 105520101293 | 40000 |
| 3 | കേശവൻ രാമൻ | ദേശീയ വാർദ്ധക്യകാല പെൻഷൻ | 105520200054 | 75000 |

| | | | | |
|---|---|---|---|---|
| 4 | രാജമ്മകുമാരൻ | ദേശീയ വാർദ്ധക്യകാല പെൻഷൻ | 105520201358 | 19900 |
| 5 | കുഞ്ഞമ്മ എം എം | ദേശീയ വാർദ്ധക്യകാല പെൻഷൻ | 105520201442 | 10900 |
| 6 | ലളിതമ്മ അപ്പുകുട്ടൻ | ദേശീയ വാർദ്ധക്യകാല പെൻഷൻ | 105520201793 | 36600 |
| 7 | തങ്കമണി എ കെ | ദേശീയ വാർദ്ധക്യകാല പെൻഷൻ | 105520202037 | 36600 |
| ആകെ | | | | 240300 |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം - 01/21തീയതി-14/06/22) അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കാൻ എല്ലാവർക്കും അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് മറുപടി നൽകി.

മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്നും അവർ സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി സർക്കാരിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. കൂടാതെ സാമൂഹ്യ സുരക്ഷാപെൻഷൻ അനുവദിക്കുമ്പോൾ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതുമാണ് .

## 1-30 തൊഴിലുറപ്പ് പദ്ധതി പ്രകാരം സാമൂഹ്യ ആസ്തികളുടെ നിർമ്മാണ പ്രവൃത്തികൾക്കുള്ള സാധനസാമഗ്രികൾ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ആർജിക്കുന്നതിൽ വീഴ്ച വരുത്തി

എം ജി എൻ ആർ ഇ ജി എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷത്തിൽ മെറ്റീരിയൽ പ്രവൃത്തികൾക്കായി 37.83 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ലഭ്യമാക്കിയ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും ബോധ്യപ്പെട്ടിട്ടുണ്ട് .

മേല്പറഞ്ഞതിൽ നിന്നും മെറ്റീരിയൽ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. മെറ്റീരിയൽ പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ച് കൊണ്ടുള്ള 31.1.2012 ലെ 93/2012/തസ്വഭവ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മപദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ച് കഴിഞ്ഞാൽ ഓരോ അർദ്ധവർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ധ, അർദ്ധവിദഗ്ധ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും

പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറുമാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരഞ്ഞെടുക്കുന്നതിന്, അവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരഞ്ഞെടുക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനുമുമ്പുള്ള ഒരാഴ്ചയ്ക്കകം തന്നെ തെരഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ഉത്തമസാമ്പത്തിക താല്പര്യത്തോടെയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല . ആയതിനാൽ 2022-23 മുതൽ അർദ്ധവാർഷിക പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കി മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ സാധനസാമഗ്രികൾ ആർജിച്ച് പൊതുപണത്തിന്റെ വിനിയോഗത്തിൽ മിതത്വം പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-31 തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികൾക്ക് വോയിഡ്സിനത്തിൽ7.5% കുറവു ചെയ്യാതെ സപ്ലൈ ചെയ്ത അളവിന് തുക അനുവദിച്ചു .

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് മെറ്റലിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെയാണ് കരാറുകാർക്ക് തുക അനുവദിച്ചിരിക്കുന്നത്. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പ്രവൃത്തികളിൽ 40 Mm സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡ് ഇനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് (Specification : 1- 27-2-3) തുക അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തി | അമ്പകരം- കുറുപ്പുന്തറ റോഡ് കോൺക്രീറ്റ് |
| സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരൻ | വിജയൻ |
| അളവു പുസ്തകം | Mbook-222/20-21 |
| സപ്ലൈ ചെയ്ത അളവ് (40 Mm സ്റ്റോൺ ) | 15.60 $M^3$ |
| അനുവദിച്ച തുക@1654/$m^3$ | 15.60 M3@1654/m3=25802 |
| യഥാർത്ഥത്തിൽ വരുന്ന അളവ് | 15.60 – 1.17 = 14.43 $M^3$ |
| അധികം നൽകിയ അളവ് | 15.60– 14.43= 1.17 $M^3$ |
| അധികം നൽകിയ തുക | 1.17 $M^3$ @1654 = 1935 |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം -06/17.06.2022) ആവശ്യമായ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്തുന്നതാണെന്നും ഇനിയുള്ള പ്രവർത്തികളിൽ

അപാകത ആവർത്തിക്കുകയില്ല എന്നും മറുപടി നൽകി. ഇനി മുതൽ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്യുന്ന റോഡ് മെറ്റലിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്തി മാത്രമേ കരാറുകാർക്ക് തുക അനുവദിക്കാൻ പാടുള്ളൂ. ഭാവിയിൽ ഇത്തരത്തിലുള്ള ന്യൂനതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ഒരേ ദിവസം അവിദഗ്ധ-വിദഗ്ധ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തി തൊഴിലാളിക്ക് വേതനം അനുവദിച്ചു

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ അവിദഗ്ധ, വിദഗ്ധ തൊഴിൽ ആവശ്യമുള്ള കോഴിക്കൂട് നിർമ്മാണ പദ്ധതിയിൽ ഒരേ തൊഴിലാളി തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവർത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി, വേതനം അനുവദിച്ചത്, മസ്റ്റർ റോൾ, പെയ്മെന്റ് എഫ്.ടി.ഒ എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര് | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | ആളിൻറെ പേര് | തൊഴിൽ കാർഡ് നമ്പർ/ രജി. നമ്പർ | വർക്ക് കോഡ് | റ്റി എസ് നമ്പർ | മസ്റ്റർ റോൾ ആരംഭിച്ച തീയതി | മസ്റ്റർ റോൾ അവസാനിച്ച തീയതി | MB നമ്പർ | മസ്റ്റർ റോൾ നമ്പർ | SK/SSK/ USK (സ്കിൽഡ്/ സെമി സ്കിൽഡ്/ അൺ സ്കിൽഡ്) | തുക | അനർഹമായി അനുവദിച്ച തുക |
|---|---|---|---|---|---|---|---|---|---|---|---|---|---|
| കോഴിക്കൂട് നിർമ്മാണം | രമണി വിജയൻ | 15 | രമണി വിജയൻ | KL-10-002-007-015/18 | 161000 2007/ IF/454472 | 420 | 05/05/20 | 11/05/20 | 131 | 235 | USK | 2037 | |
| | | | രമണി വിജയൻ | " | | | 05/05/20 | 06/05/20 | | 245 | SK | 1978 | 1978 |

ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം -06/17.06.2022) ടിയാളുടെ ഭർത്താവിന്റെ പേരിലാണ് വിദഗ്ധ തൊഴിൽ രേഖപ്പെടുത്തേണ്ടിയിരുന്നത് എന്നും അപാകത ആവർത്തിക്കുകയില്ല എന്നും മറുപടി നൽകി

ഒരേ തൊഴിലാളി തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവർത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി വേതനം അനുവദിച്ചത് അംഗീകരിക്കാൻ കഴിയുന്നതല്ല . ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ മേൽനോട്ടം ഒരു ഘട്ടത്തിലും ഉണ്ടാകാതിരുന്നതാണ് ഇത്തരം അപാകതയ്ക്ക് പ്രധാന കാരണമായി ഓഡിറ്റ് വിലയിരുത്തുന്നത്. കൂടാതെ ഇത്തരം അപാകതകൾ ആവർത്തിക്കുകയാണെങ്കിൽ അക്രഡിറ്റഡ് എഞ്ചിനീയർ , ഓവർസീയർ എന്നിവരുടെ വ്യക്തിപരമായ ബാധ്യത ആകുന്നതാണ് . ഭാവിയിൽ ഇത്തരത്തിലുള്ള ന്യൂനതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തിട്ടില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000 രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതാലാണെങ്കിൽ ജി.എസ്.ടി. 2% ഉത്തരവത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി., റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കരാറുകാരന്റെ പേര് | മെറ്റീരിയൽ ഇനത്തിൽ | റ്റി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്ന |
|---|---|---|---|---|

| | | | കരാറുകാരന് നൽകിയ തുക | ജി.എസ്.റ്റി (2%) |
|---|---|---|---|---|
| 1 | മൂന്നുമൂല മാവളംതറ റോഡിന്റെ സൈഡിൽ സംരക്ഷണ ഭിത്തി നിർമ്മാണം | CEZ *എന്റർപ്രൈസസ്* | 302535 | 6050 |
| 2 | മാന്താറ്റിൽ ഇടക്കരിച്ചിറ റോഡ് കോൺക്രീറ്റിംഗ് | വിജയൻ പി | 301797 | 6035 |
| 3 | മാടപ്പത്ര റോഡ് കോൺക്രീറ്റിംഗ് | സൂഭാഷ് കുമാർ മലയിൽ ശ്രീധരൻ | 310157 | 6203 |
| 4 | ഇല്ലിക്കൽ തോരണം റോഡ് കോൺക്രീറ്റിംഗ് | തങ്കച്ചൻ കെ മാത്യു | 307016 | 6140 |
| ആകെ | | | | 24428 |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടയ്ക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെ അടയ്ക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം -06/17.06.2022) തുക കരാറുകാരനിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.

തുക കരാറുകാരനിൽ നിന്ന് ഈടാക്കി തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉറവിടത്തിൽ കുറവ് ചെയ്യണമെന്ന നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ് .

1-34 മണ്ണ് നിറക്കൽ പ്രവൃത്തി:കുഴിച്ചെടുത്ത മണ്ണ് വിനിയോഗിച്ചില്ല,കരാറുകാരന്റെ മണ്ണ് നിറച്ചതിൽ കൺസോളിഡേഷൻ കുറവ് വരുത്തിയില്ല.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | മൂന്നുമൂല മാവളംതറ റോഡിന്റെ സൈഡിൽ സംരക്ഷണ ഭിത്തി നിർമ്മാണം |
| കരാറുകാരന്റെ പേര് | CEZ എന്റർപ്രൈസസ് |
| എം ബുക്ക് നമ്പർ | 347 |
| വർക്ക് കോഡ് | WC/370394 |

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ മേൽ പ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം 1-ാം ഇനമായി മണ്ണ് പ്രവൃത്തി 38.28 M3നടത്തിയിട്ടുണ്ട് (എം ബുക്ക് പേജ് 7). തുടർന്ന്, അതേ എസ്റ്റിമേറ്റിലെ 5ാം ഇനമായി Filling Contractor's Own Earth എന്ന പ്രവൃത്തി 62.64 M3 ചെയ്തതിന് 513/m3രൂപ നിരക്കിൽ 32134 രൂപയും കണക്കാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റിലെ ഒന്നാം ഇനമായി കുഴിച്ചെടുത്ത മണ്ണ് വിനിയോഗ യോഗ്യമല്ലാത്തതായിരുന്നുവെന്നോ, പ്രവൃത്തിയുടെ ഭാഗമായി വിനിയോഗിച്ചതായോ, എം ബുക്കിൽ അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഒന്നാം ഇനം പ്രവൃത്തിയുടെ ഫലമായി ഉണ്ടായ മണ്ണ് വിനിയോഗിക്കാതെ കരാറുകാരന്റെ സ്വന്തം മണ്ണ് മാത്രം ഉപയോഗിച്ചാണ് ഫില്ലിംഗ് നടത്തിയിട്ടുള്ളത്. കുഴിച്ചെടുക്കുന്ന മണ്ണ് വിനിയോഗ യോഗ്യമാണ് എങ്കിൽ ഇത്തരം സാഹചര്യങ്ങളിൽ ഉപയോഗിക്കേണ്ടതാണ് .

കൂടാതെ 5-ാം ഇനം പ്രവൃത്തിയിൽ ( Filling Contractor's Own Earth എന്ന പ്രവൃത്തി 62.64 M3 ചെയ്തതിന് 513/m3രൂപ നിരക്കിൽ 32134 രൂപയും കണക്കാക്കിയിട്ടുണ്ട്) സി പി ഡബ്ല്യു ഡി സ്പെസിഫിക്കേഷൻ 2019 ഖണ്ഡിക 2.11.5 ൽ പരാമർശിക്കുന്ന 10% കൺസോളിഡേഷൻ കുറവ് വരുത്തിയതായും കാണുന്നില്ല . ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കരാറുകാരന് 3770 രൂപ അധികം നൽകാനിടയായി. (കരാറുകാരൻ സപ്ലൈ ചെയ്ത മണ്ണ് - 62.64 M3 ,കൺസോളിഡേഷൻ കുറവ് - 62.64 * 10% * 513 = 3213 രൂപ )

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം -06/17.06.2022) ഒന്നാം പ്രവർത്തിയുടെ ഫലമായി ഉണ്ടായ മണ്ണ് വിനിയോഗ യോഗ്യം അല്ലായിരുന്നു എന്നും നിയമാനുസൃത കുറവുകൾ വരുത്തുന്നതാണെന്നും ഇനിയുള്ള പ്രവർത്തികളിൽ അപാകത ആവർത്തിക്കുകയില്ല എന്നും മറുപടി നൽകി . ഇനി മുതൽ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങളുടെ അളവിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്തി മാത്രമെ കരാറുകാർക്ക് തുക അനുവദിക്കാൻ പാടുള്ളൂ. ഭാവിയിൽ ഇത്തരത്തിലുള്ള ന്യൂനതകൾ വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-35 പോസ്റ്റ് ഷിഫ്റ്റിംഗ്- പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കിയില്ല.

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് തടസ്സമായി നിന്നിരുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ എസ് ഇ ബി യുടെ വിവിധ ഓഫീസുകളിൽ നിന്ന് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും തുക അടവാക്കിയിട്ടുണ്ട്. പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ടങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (12) കത്ത് നൽകിയിട്ടുണ്ടന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണന്നും മറുപടി ലഭ്യമാക്കി. പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ടങ്കിൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രവും ഫൈനൽ ബില്ലും ഹാജരാക്കുന്നതുവരെ ചെലവഴിച്ച 49,227/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തികൾ | തുക, വൗച്ചർ നമ്പർ | തുക അടവാക്കിയ സ്ഥാപനം |
|---|---|---|---|
| 1 | ഈനാഴം-കരുവേലി റോഡ് (വാർഡ്-5) | 7537/- 22000110/25.05.20 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി, അയ്യനം |
| 2 | കുമ്മനംവാർഡ്-7(അപകട സാദ്ധ്യതയുള്ള | 15000/- 22000182/11.06.20 | അസിസ്റ്റന്റ് എഞ്ചിനീയർ, |

| | | | |
|---|---|---|---|
| | അണ്ടർ ഗ്രൗണ്ട് കണക്ഷൻ ഓവർഹെഡ് ലൈനിലേക്ക് മാറ്റുന്നതിന്) | | കെ എസ് ഇ ബി, അയ്മനം |
| 3 | കൊച്ചുപാലം - തുമ്പേക്കളം റോഡ് (വാർഡ്-15) | 17275/- 22000065/14.10.20 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി,കുമരകം |
| 4 | യൂത്ത്ക്ലബ്-വെള്ളക്കടറോഡ് വാർഡ്-2 | 9415/- 22000086/22.10.20 | അസിസ്റ്റന്റ് എഞ്ചിനീയർ, കെ എസ് ഇ ബി,കുമരകം |
| | | 49,227/- | |

1-36 മഴക്കാലപൂർവ്വശുചീകരണം തുക ചെലവഴിച്ചിട്ടില്ല.

മഴക്കാല പൂർവ്വശുചീകരണത്തിന് 18 വാർഡുകളിൽ ചെലവഴിക്കുന്നതിന് (തനത്ഫണ്ടിൽ നിന്നും 5000/- രൂപ വീതവും ശുചിത്വമിഷനിൽ 10000/-രൂപ വീതവും) 270000/- രൂപ വാർഡ് മെമ്പർ ചെയർമാനും ഹെൽത്ത് ഇൻസ്പെക്ടർ കൺവീനറുമായ വാർഡുതല ശുചിത്വ കമ്മറ്റികളുടെ അക്കൗണ്ടുകളിലേക്ക് തുക മെഡിക്കൽ ഓഫീസർ മാറി (വൗച്ചർ നം-22000240/24.06.20 ) നൽകിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ ഹാജരാക്കിയ 1, 2, 5, 6, 7, 8, 9, 15,12, 13, 17 വാർഡുകളുടെ ബാങ്ക് പാസ് ബുക്ക്, ക്യാഷ് ബുക്ക് എന്നിവ പരിശോധിച്ചതിൽ 5, 6, 7, 8, 9, 15 വാർഡുകൾ ശുചീകരണ പ്രവർത്തനത്തിന് തൻവർഷം തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. കൂടാതെ 14,16 വാർഡുകൾ തൻവർഷം ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല. 3, 4, 10,11, 18 വാർഡുകളിൽ നിന്നും ബാങ്ക് പാസ് ബുക്ക്, ക്യാഷ് ബുക്ക്, തുക ചെലവഴിച്ചതിന്റെ വൗച്ചർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. തുക ചെലവഴിക്കാതിരുന്നതിനും രേഖകൾ, വൗച്ചറുകൾ എന്നിവ ഹാജരാക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (13) കോവിഡ് രോഗബാധമൂലമുണ്ടായ ജോലിതിരക്കും ലോക്ക്ഡൗൺ മൂലവും ആരോഗ്യപരമായ കാരണങ്ങളാൽ ജീവനക്കാർ അവധിയിൽ ആയിരുന്നതിനാലുമാണ് സമയബന്ധിതമായി ഫണ്ട് ചെലവഴിക്കാൻ കഴിയാതിരുന്നതെന്നും രേഖകൾ ഹാജരാക്കാതിരുന്നതെന്നും മറുപടി ലഭ്യമാക്കി. ശുചീകരണപ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക തൻവർഷം ചെലവഴിക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ അടവാക്കേണ്ടതുമാണ്. ഇപ്രകാരം തുക പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ പഞ്ചായത്ത് ഭരണസമതിയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയും ശ്രദ്ധിക്കേണ്ടതും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യേണ്ടതുമാണ്. തുക പൂർണ്ണമായി ചെലവഴിക്കാത്ത വാർഡുകളുടെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 5 | 15000 | 5000 |
| 6 | 15000 | 5000 |
| 7 | 15000 | 5000 |
| 8 | 15000 | 5000 |
| 9 | 15000 | 5000 |
| 15 | 15000 | 5000 |

| | | |
|---|---|---|
| 14 | 15000 | - |
| 16 | 15000 | - |

1-37 ജൽ ജിവൻ മിഷൻ

2020 -21 ൽ 3922 ഗാർഹിക ടാപ്പുകൾ പഞ്ചായത്തിൽ സ്ഥാപിച്ചു. പദ്ധതിയുടെ ആകെ ചെലവായ 5,32,99,172 രൂപയുടെ 15% ആയ 79,94,876 രൂപയിൽ 25,20,000 രൂപ 271/21 നമ്പർ പ്രോജക്ട് പ്രകാരം വാട്ടർ അതോറിറ്റി പി എച്ച് ഡിവിഷൻ, കോട്ടയത്ത് അടവാക്കിയിട്ടുണ്ട്. 10% ഗുണഭോക്തൃ വിഹിതമിനത്തിൽ 53,29,917 രൂപയുടെ ഡിമാൻഡ് സൂചിപ്പിച്ചിരിക്കുന്നതിൽ 17,34,560 രൂപ നാളിത് വരെ ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തത് നിലവിൽ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. പുതുക്കിയ ഡി പി ആർ പ്രകാരമുള്ള ഗുണഭോക്തൃവിഹിതം കണക്കാക്കി ആയത് സർക്കാരിലേയ്ക്ക് അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-38 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

2020-21 വർഷം സമൂഹ അടുക്കളയുടെ നടത്തിപ്പ് ചെലവുകൾ, മാസ്കുകൾ, ഗ്ലൗസുകൾ തുടങ്ങി കോവിഡ് പ്രതിരോധ പ്രവർത്തന സാമഗ്രികളുടെ വാങ്ങൽ, വിവിധ മേഖലയിലുള്ള ഭക്ഷണ വിതരണ ചെലവുകൾ എന്നിവയാണ് കോവിഡുമായി ബന്ധപ്പെട്ട് പഞ്ചായത്തിലുണ്ടായ പ്രധാന ചെലവുകൾ. സിഎഫ്എൽറ്റിസി തൻവർഷം പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നില്ല. പ്രോജക്ട് നം.247/21 പ്രകാരം 175500 രൂപ ചെലവഴിച്ച് മാസ്കുകൾ, ഗ്ലൗസുകൾ തുടങ്ങി കോവിഡ് പ്രതിരോധ പ്രവർത്തന സാമഗ്രികളുടെ വാങ്ങൽ, തനത് ഫണ്ട് ചെലവഴിച്ച് 6,75,082 രൂപയുടെ സമൂഹ അടുക്കളയുടെ നടത്തിപ്പ് ചെലവുകൾ, കോവിഡ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കാണ് 2020-21-ൽ തുക ചെലവഴിച്ചിരിക്കുന്നത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 14/07/2021 ലെ 21(10) നം. തീരുമാന പ്രകാരം അംഗീകരിച്ച് 20.12.2021 ൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 14/06/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 ൽ സംയുക്ത പ്രോജക്ടിനായി ഏറ്റുമാന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|
| ഏറ്റുമാന്നൂർ ബ്ളോക്ക് പഞ്ചായത്ത് | 93750 | 251/20-21 തരിശ്ശ് ഭൂമിയിൽ പച്ചക്കറി കൃഷി | 93750 | 0 |
| ,, | 390000 | 250/20-21 വനിതകൾക്ക് ഗ്രോബാഗിൽ പച്ചക്കറികൃഷി | 390000 | 0 |
| ,, | 1044642 | 282 /20-21 ലൈഫ് മിഷൻ ഭവനനിർമ്മാണം – പട്ടികജാതി വിഭാഗം | 1044642 | 0 |
| ,, | 1915000 | 17/20-21 ലൈഫ് മിഷൻ പദ്ധതി | 1915000 | 0 |
| ,, | 257275 | 32/20-21 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പും ബത്തകളും ഉല്ലാസയാത്രയും | 257275 | 0 |
| ,, | 20000 | 16/20-21 ജനകീയ ഭക്ഷണശാല (വിശപ്പ് രഹിത കേരളം – പന്ത്രണ്ട് ഇന പരിപാടി) | 20000 | 0 |
| ആകെ | 3720667 | | 3720667 | |
| കോട്ടയം ജില്ല പഞ്ചായത്ത് | 520550 | 29/20-21 അനുപൂരക, പോഷകാഹാര വിതരണപദ്ധതി | 520550 | |
| ,, | 300000 | 17/20ഭിന്ന ശേഷിയുള്ളവർക്ക് ഉല്ലാസയാത്രയും ബത്തകളും സ്കോളർഷിപ്പും | 300000 | |
| ,, | 880000 | 17/20-21 ലൈഫ് മിഷൻ പദ്ധതി | 880000 | |
| ആകെ | 1700550 | | 1700550 | |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും, വാട്ടർ അതോറിറ്റിയിലും തുക ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം, പ്രോജക്ട് | നിക്ഷേപിച്ച തുക | ചെലവഴിച്ച തുക | ബാക്കി |
|---|---|---|---|
| 284/21 , പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 33244 (തനത് ഫണ്ട്) | 0 | 33244 |
| 89/21,കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 13 | 650000 (തനത് ഫണ്ട്) | 0 | 650000 |
| ആകെ | 683244 | | 683244 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത ലോൺ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക മുതൽ | തൻവർഷം തിരിച്ചടച്ച തുക പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ ഉ സാധാ 6105/19 ഫിൻ തീയതി 01.08.2018 | 21314117 | 320000 | 21634117 | 1990117 | 0 | 19644000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5-1 | പ്രവർത്തന ക്ഷമതാ റിപ്പോർട്ട് ജലസ്രോതസ്സ് സംരക്ഷണം കുടിവെള്ള വിതരണം | |
| 2014-15 | 2-4,2-5,2-6,2-7 | 2016-17 | അനുബന്ധം 3,4 | തൊഴിൽ നികുതി, വസ്തുനികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2015-16 | 2-8,2-9, 2-3 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 104230792 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 90194808 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2348784 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 920050 | ശ്രീ. നിസാമുദ്ദീൻ എ , വി ഇ ഒ |
| 1-27 | 706858 | ശ്രീ. വിജയരാജ് വി ആർ (അസിസ്റ്റന്റ് സെക്രട്ടറി) , സെക്രട്ടറി-ഇൻ-ചാർജ്ജ് |
| | 672649 | ശ്രീമതി രേഖ എം കെ ,സെക്രട്ടറി |
| 1-35 | 22537 | ശ്രീമതി സ്നേഹജ എം ഗ്ലോറി , സെക്രട്ടറി |
| | 26690 | ശ്രീമതി രേഖ എം കെ ,സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 2348784 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | |
|---|---|---|
| 1997-98 ചെലവ് | നം.എൽ.എഫ്.കെ.പി.10/538(3)അദാ/14/29.11.14 | |
| 1998-99 ചെലവ് | നം.എൽ.എഫ്.കെ.പി6/1149/07/8.2.08 | |
| 1998-99 വരവ് | നം.എൽ.എഫ്.കെ.പി.6/280/12.01.09/2.2.09 | |
| 1999-2000 ചെലവ് | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/ 55(2)18/30.1.2018 | 2 |
| 1999-2000 വരവ് | നം.എൽ.എഫ്.കെ.പി6/281/08/12.01.09/2.2.09 | |
| 2000-2001 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(3)18/ 30.1.2018 | 2 |
| 2000-01,<br>2001-02 പ്ലാൻ | നം.കെ.എസ്.എ.കെ.റ്റി.എം.പി10/538/14/21.10.15 | |
| 2002-03 ചെലവ് | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(5)18/ 16.2.2018 | 5 |
| 2002-03 വരവ് | നം.എൽ.എഫ്.കെ.പി1/960/അദാ എച്ച്.2011(2)/ 22.08.11 | |
| 2003-04 വരവ് | നം.എൽ.എഫ്.കെ.പി.6/1132/09/27.6.12 | |
| 2004-05 | നം.കെ.എസ്.എ.കെ.റ്റി.എം.പി9/(അദാ.18/55(7)18/ 16.02.2018 | 7 |
| 2005-06 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(8)18/ 30.1.2018 | 3 |
| 2007-08 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(10)18/ 30.1.2018 | 1 |
| 2008-09 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(11)18/ 29.1.2018 | 3 |
| 2009-10 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(12)18/ 29.1.2018 | 5 |
| 2010-11, 11-12 | നം.കെ.എസ്.എ.കെ.റ്റി.എം.പി.9/(അദാ.18/55(13)18/ 29.1.2018 | 5 |
| 2012-13 | നം.എൽ.എഫ്.കെ.പി.10/33/15/ 18.4.15 | 4 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി9/(അദാ.18/55(13)18/ 29.1.2018 | 8 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി10/17/17/1.6.17 | 11 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി9/410/18/ 7.3.2018 | 8 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി9/408/18/ 7.3.2018 | 9 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി9/839/19/3.9.19 | 7 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി9/1432/21/19.11.21 | 14 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി9/291/22/02.06.2022 | 13 |

[

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തിരുവാർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്